# പി.എസ്. വാരിയർ - ജീവിതവും ദർശനവും

## കെ.ജി. പൗലോസ്

'പാവങ്ങൾ' പ്രസിദ്ധീകരിച്ച കാലം. ഒരു ഞായറാഴ്ച രാവിലെ വള്ളത്തോളും നാലപ്പാട്ട് നാരായണമേനോനും കോഴിക്കോട്ടുള്ള ആര്യവൈദ്യശാലയിൽ എത്തി. 'പാവങ്ങൾ' വിൽക്കുകയാണ് ലക്ഷ്യം. കുശലപ്രശ്നങ്ങൾക്കു ശേഷം വള്ളത്തോൾ കാര്യം പറഞ്ഞു- വൈദ്യൻ, കവി, ജോത്സ്യൻ, എന്നീ നിലയ്ക്ക് മൂന്നും ആര്യവൈദ്യശാല വക ഒന്നു വേറെയും, നാല് കോപ്പികൾ വാങ്ങണം. പി. എസ്. വാരിയർ ഒന്നു ചിരിച്ചു- 'കഴകക്കാരൻ വാരിയരുടെ വക ഒന്നുകൂടി ഇരിക്കട്ടെ'- അതാണ് പി.എസ്. വാരിയർ.

1869 -ൽ മലബാറിൽ ഒരു ഇടത്തരം വാരിയത്ത് അമ്മയ്ക്ക് ഒറ്റ മകനായി ശങ്കരൻ ജനിച്ചു. ശങ്കുണ്ണി എന്നാണ് എല്ലാവരും വിളിച്ചിരുന്നത്. അന്നത്തെ നിലവച്ചു നോക്കിയാൽ ഒരു കഴകക്കാരനാകും അല്ലെങ്കിൽ ഒരു നാട്ടുവൈദ്യൻ, ഏറിയാൽ ശാകുന്തളം വ്യാഖ്യാനിക്കാറായൊരു പണ്ഡിതൻ. അപ്പുറമൊന്നും ആർക്കും പ്രതീക്ഷിക്കാനില്ലായിരുന്നു.

### തായ്‌വേരുകൾ

ബാല്യത്തിൽ സംസ്കൃതത്തിൽ നല്ല വ്യുൽപ്പത്തിനേടി. കാവ്യനാടകങ്ങളും തർക്കവും വ്യാകരണവുമൊക്കെ സ്വജനങ്ങളിൽനിന്നാണ് ഗ്രഹിച്ചത്; അമ്മയിൽ നിന്ന് സംഗീതവും. പതിനാറു വയസ്സായപ്പോൾ വൈദ്യവിദ്യാഭ്യാസത്തിന് അഷ്ടവൈദ്യരിൽ പ്രമുഖനായിരുന്ന കുട്ടഞ്ചേരി മൂസ്സിന്റെ ഇല്ലത്തിലാക്കി. കർക്കശക്കാരനായിരുന്നു മൂസ്സ്. എങ്കിലും എല്ലായിടത്തും കൊണ്ടുനടന്നും രോഗികളെ കാണിച്ചു കൊടുത്തും വാൽസല്യത്തോടെ ശിഷ്യനെ പഠിപ്പിച്ചു.

ക്ലേശകരമായിരുന്നു ഗുരുകുലവാസം. യാത്രകൾക്കിടയിൽ - ഗുരുവിന്റെ വസ്ത്രം, എണ്ണക്കുറ്റി, ചെല്ലം, ഗ്രന്ഥക്കെട്ടുകൾ, പൂജാസാമഗ്രികൾ എല്ലാം ശിഷ്യൻ ചുമക്കണം. മഞ്ചലിലോ കാളവണ്ടിയിലോ ആകും ഗുരുവിന്റെ യാത്ര. വണ്ടി തെളിക്കുന്നവൻ അയിത്തക്കാരനായതിനാൽ ഈ വകയൊന്നും അതിൽ വയ്ക്കാൻ മേലാ. ശിഷ്യനും കയറാൻ മേലാ. വെയിലത്ത് ചുമടുമായി വണ്ടിക്കൊപ്പം ഓടിയെത്തണം. ഒരിക്കൽ ഗുരുനാഥന്റെ അതിഥിയായി വന്ന ഒരാളുടെ ഓട്ടുപാത്രങ്ങൾ നിറച്ച ചുമടെടുത്ത് എട്ടുനാഴിക നടന്ന് അവശനായിപ്പോയി ശങ്കുണ്ണി. ഈ കയ്പ്പ് കുടിച്ചുകൊണ്ട് നാലുകൊല്ലത്തെ ഗുരുകുലവാസം മധുരമാക്കിമാറ്റാൻ ആ യുവാവിന് കഴിഞ്ഞു. മടങ്ങിയത്, മനസ്സു നിറയെ ശാസ്ത്രവുമായിട്ടാണ്.

യാദൃച്ഛിക സംഭവങ്ങൾ പലപ്പോഴും ജീവിതത്തിന്റെ ഗതി നിർണയിക്കാറുണ്ട്. അത്തരമൊന്നായിരുന്നു മഞ്ചേരിയിലെ അലോപ്പതി ഡോക്ടർ വർഗീസിനെ കണ്ടുമുട്ടിയത്. കണ്ണിന് ചികിത്സ തേടി രോഗിയായി എത്തിയതായിരുന്നു ശങ്കുണ്ണി. മൂന്നുകൊല്ലം അദ്ദേഹത്തിന്റെ കൂടെ മറ്റൊരു ഗുരുകുലവാസം. ഇക്കുറി പുതിയൊരു ലോകമായിരുന്നു - ഇംഗ്ലീഷ് മരുന്നുകൾ, അച്ചടിച്ച ധാരാളം ഗ്രന്ഥങ്ങൾ, പുതിയ പരിശോധനാ രീതികൾ, ശവശരീരങ്ങൾ കീറിമുറിക്കാനവസരം. അങ്ങനെ മെഡിക്കൽ കോളേജിൽ ഒരു വിദ്യാർഥിക്ക് കിട്ടുന്നതിലധികം പ്രായോഗിക പരിശീലനം ഈ മൂന്നു വർഷങ്ങളിൽ അദ്ദേഹത്തിന് അവിടെ ലഭിച്ചു. ആ യുവാവിന്റെ ചിന്തകൾക്ക് ചിറകു മുളച്ചത് ഇപ്പോഴാണ്; കൂട്ടിലടച്ചിരുന്ന കിളിക്ക് നീലവാനം മുന്നിൽ തുറന്നപോലെ.

അലോപ്പതി ബന്ധം ആയുർവേദത്തിന്റെ ശക്തിയും ദൗർബല്യവും അദ്ദേഹത്തെ പഠിപ്പിച്ചു. പിൽക്കാല ജീവിതത്തിൽ ഇതേറെ സ്വാധീനിക്കുകയും ചെയ്തു.

ശങ്കുണ്ണിക്ക് സുഹൃത്തുക്കൾ മാത്രമല്ല, ശത്രുക്കളുമുണ്ടായിരുന്നു; ചുറ്റുമുള്ളവർ തന്നെ. ചെറുപ്പത്തിൽ ഇംഗ്ലീഷ് പഠിക്കണമെന്ന് നന്നേ മോഹമുണ്ടായിരുന്നു. സുഹൃത്തുക്കൾ ഇംഗ്ലീഷ് ക്ലാസുകളിൽ ചേരുന്നത് നോക്കിനിൽക്കാനേ ആ ബാലന് കഴിഞ്ഞുള്ളു. കുട്ടഞ്ചേരിയിൽ നിന്ന് മടങ്ങിയപ്പോഴാണ് ആ മോഹം വീണ്ടും കിളിർത്തത്. പ്രൈവറ്റായി ഇംഗ്ലീഷ് പഠിക്കാൻ പുത്തൻ മാളികയിൽ പോയിത്തുടങ്ങി. കോവിലകത്തെ കാരണവർ തമ്പുരാന് ഇതൊന്നും രസിച്ചിരുന്നില്ല. ഇംഗ്ലീഷ് പഠിക്കാൻ പോകുമ്പോൾ തമ്പുരാൻ ഒരിക്കൽ പുച്ഛിച്ചു- 'ഉം, എങ്ങോട്ടാണ് ദിവാൻ പണിക്കു പോകുന്നത്?' മഞ്ചേരിയിൽ നിന്ന് മടങ്ങിയെത്തിയ ശേഷം രോഗികൾക്ക് ചിലപ്പോൾ അദ്ദേഹം ഇംഗ്ലീഷ് മരുന്നു കൊടുക്കുമായിരുന്നു. ഇത് മനസ്സിൽ വച്ച് ഒരിക്കൽ വിഷുവിന് കൈനേട്ടം വാങ്ങാൻ ചെന്നപ്പോൾ തമ്പുരാൻ പറഞ്ഞു- 'കാലിൽ ചങ്ങലപെടും, ഓർമ വച്ചോ' ആയിരത്തിലധികം ആളുകളുടെ മുമ്പിൽ വച്ചായിരുന്നു ഇത്. അന്നത്തെ വിഷുക്കൈനേട്ടം ശങ്കുണ്ണി എന്നും മനസ്സിൽ സൂക്ഷിച്ചു. കരുതലോടെ കാര്യങ്ങൾ ചെയ്യാൻ ഇത്തരം അനുഭവങ്ങൾ ആ യുവാവിനെ പഠിപ്പിച്ചു.

ശങ്കുണ്ണിയെ ഏറ്റവും അധികം സ്വാധീനിച്ചത് അമ്മയാണ്. ശങ്കുണ്ണിക്ക് മരുന്നുണ്ടാക്കി ചികിത്സ നടത്തണമെന്ന് മോഹമുണ്ടായി. പണമില്ല, 'ഒരമ്മയ്ക്കൊരു മകനോമനപ്പുത്രനാ'ണദ്ദേഹം. എങ്കിലും തറവാട്ടു സ്വത്ത് തൊടാൻ അമ്മ സമ്മതിച്ചില്ല. ഒരു കുറി വെയ്ക്കാനാലോചിച്ചു. ഒന്നുമില്ലാത്ത ഒരു ചെറുപ്പക്കാരനെ ആരാണ് വിശ്വസിക്കുക? നാഥനായി പേരൊന്നു നൽകാൻ അച്ഛനോടപേക്ഷിച്ചു. സമ്മതിച്ചില്ല. തോറ്റു പിന്മാറാതെ സ്വന്തം നിലയിൽ കുറിവെച്ചു. 30ക, 20 ആൾ, 600ക. സല. പതിനഞ്ച് നറുക്കിനേ ആളെക്കിട്ടിയുള്ളു.

സല 450 ആക്കിച്ചുരുക്കി. പണവും കൈയിൽവച്ച് വൈദ്യശാല തുടങ്ങാൻ അനുവാദം ചോദിച്ചപ്പോൾ അമ്മ പറഞ്ഞു- 'ഇതെടുത്ത് മരുന്നുണ്ടാക്കണമെങ്കിൽ കുറി ചിറ്റെത്തണം, അതുവരെ ഇതു കടമാണ്'. തുക അമ്മയെ ഏൽപിച്ചു. ചിറ്റെടുത്തപ്പോൾ പലിശ സഹിതം മടക്കിക്കിട്ടി.

അന്ത്യം വരെ ഡയറിയിൽ കൃത്യമായി വരവ്-ചെലവുകൾ അദ്ദേഹം കുറിച്ചിടുമായിരുന്നു. തറവാട്ടു വക, സ്വന്തം നിലയിലുള്ളവ, വൈദ്യശാലാ വക - എല്ലാം വെവ്വേറെ. ഒരിക്കലും വക മാറില്ല, വല്ലപ്പോഴും വേണ്ടിവന്നാൽ പലിശ സഹിതം തിരിച്ചു വയ്ക്കും . ഒരു മഹാസ്ഥാപനം പടുത്തുയർത്താൻ വേണ്ട മാനേജ്മെന്റ് പരിശീലനവും സാമ്പത്തിക അച്ചടക്കവും അദ്ദേഹം പഠിച്ചത് അമ്മയിൽ നിന്നാണ്.

പി.എസ്. വാരിയർ എന്ന വടവൃക്ഷത്തിന്റെ തായ് വേരുകൾ ഇവയാണ്- ഗുരുനാഥൻ മൂസ്സ്, വർഗീസ് ഡോക്ടർ, കാരണവർ തമ്പുരാൻ, അമ്മ.

**വേഷക്കാരൻ ഉണ്ടാകുന്നത്?**

വൈദ്യശാല തുടങ്ങുന്നതിന് മുമ്പുതന്നെ അദ്ദേഹം ചികിത്സ നടത്തിയിരുന്നു. ചികിത്സയ്ക്ക് അദ്ദേഹം ഫീസ് വാങ്ങിയിരുന്നു. ഇതു വലിയ സംസാരമായി. അന്നത്തെ കാലത്ത് ആരുമങ്ങനെ ചെയ്തിരുന്നില്ല. വള്ളത്തോൾ, വരി എണ്ണി കാശു ചോദിച്ചതും, കലാമണ്ഡലം കൃഷ്ണൻ നായർ കളിക്ക് കണക്കു പറഞ്ഞതും പിന്നീടാണ്. സൗജന്യമായി ചികിത്സിക്കുന്നതിന് അദ്ദേഹത്തിന് വിരോധമില്ലായിരുന്നു. എന്നാൽ ആയുർവേദത്തിന്റെ വിലകെടുത്താൻ അദ്ദേഹം കൂട്ടുനിന്നില്ല. അലോപ്പതി മരുന്ന് പണം കൊടുത്ത് വാങ്ങാൻ രോഗികൾക്കൊരു മുറുമുറുപ്പും ഇല്ലല്ലോ.

ആര്യവൈദ്യശാല സ്ഥാപിക്കുന്നതിനും അലോപ്പതി ബന്ധം കാരണമായിട്ടുണ്ട്. വിജ്ഞാപനത്തിലെ ഈ ഭാഗം ശ്രദ്ധിക്കുക - 'ഇംഗ്ലീഷ് വൈദ്യന്മാർക്കുള്ള പ്രത്യേക ഗുണം ഇത് തന്നെയാണ്. അവർക്കുവേണ്ടുന്ന മരുന്നുകളും ചികിത്സാ സാമഗ്രികളും തരം പോലെ അടുപ്പിച്ചു കൊടുക്കാൻ തക്കതായ ഷാപ്പുകൾ എല്ലാ നഗരങ്ങളിലും എത്രയെങ്കിലും തയ്യാറുണ്ട്. ആ വക സൗകര്യങ്ങൾ എന്തുകൊണ്ട് നമുക്കും വരുത്തിക്കൂടാ? നമ്മുടെ പൂർവികരെ ഇക്കാര്യത്തിൽ ഉദാഹരിച്ചു പറഞ്ഞ് മടുക്കേണ്ട ആവശ്യമില്ല. വേഷക്കാരത്തി പെറ്റിട്ടില്ലല്ലോ വേഷക്കാരൻ ഉണ്ടാവുന്നത്?'

ആയുർവേദ മരുന്നുകൾ വ്യാപകമായതോതിൽ ഉണ്ടാക്കാനും കേടുവരാതെ സൂക്ഷിക്കാനും നാടിന്റെ നാനാഭാഗങ്ങളിൽ ആർക്കുമെപ്പോഴും ലഭ്യമാക്കാനുമാണ് അദ്ദേഹം ആര്യവൈദ്യശാല തുടങ്ങിയത്.

പഴമക്കാർ അന്നതിനെ എതിർത്തു. മരുന്നുകൾ പറിച്ച് അപ്പപ്പോൾ കഷായം വയ്ക്കുന്നതാണ് ശരിയെന്നാണ് അവരുടെ പക്ഷം. മുന്നോട്ടു പോകുവാൻ ആഗ്രഹിക്കുന്നവന് ധിക്കരിക്കാനും ചങ്കൂറ്റം വേണം. ഒരുത്തൻ സ്വപ്രയത്നം കൊണ്ട് വേഷക്കാരനാവുകയാണ്, അല്ലാതെ അങ്ങനെയായി ജനിക്കുകയല്ല. അത്തരമൊരു ധീരമായ പരീക്ഷണം അന്നദ്ദേഹം നടത്തിയിരുന്നില്ലെങ്കിൽ മ്യൂസിയത്തിലെങ്കിലും ആയുർവേദം ഇന്ന് അവശേഷിക്കുമായിരുന്നോ? ഈ വേഷക്കാരനോട് ആയുർവേദ ലോകം എത്രമാത്രം കടപ്പെട്ടിരിക്കുന്നു!

**കവി, ഗ്രന്ഥകാരൻ**

കവികുലഗുരു പി.വി.കൃഷ്ണവാരിയർ പറയുന്നതിതാണ് – 'ജ്യേഷ്ഠൻ കവിതാ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധാപൂർവം പ്രവർത്തിച്ചിരുന്നെങ്കിൽ കേരളത്തിലെ പല മഹാകവികളുടെയും മുന്നണിയിൽ നിൽക്കുമായിരുന്നു'

കവി എന്ന നിലയിൽ അദ്ദേഹത്തെ വിലയിരുത്താനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല. വെറുമൊരു ബാലനായിരുന്നപ്പോൾ കൈക്കുളങ്ങര രാമവാരിയരുടെ നിർദ്ദേശമനുസരിച്ച് രചിച്ച ശ്ലോകമാണിത് –

> വന്ദേ നാരയണം ദേവം നൂതനാംബുദമേചകം
> ശംഖചക്രഗദാപദ്മധരം ഗരുഡവാഹനം

അവസാനം വരെ അദ്ദേഹമിത് ചൊല്ലുമായിരുന്നു. ഒട്ടേറെ മുക്തകങ്ങളും വന്ദന ശ്ലോകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഭഗവത്കേശാദിപാദം മനോഹരമായൊരു കാവ്യസമ്പുടമാണ്.

വള്ളത്തോളും പി.എസ്. വാരിയരും ഒരു ഉത്സവകാലത്ത് കാട്ടരുകിലുള്ള നദിയെ വർണിച്ചു. ഓരോരുത്തരും ഒന്നിനു പിറകെ ഒന്നെന്ന രീതിയിൽ നൂറു ശ്ലോകങ്ങൾ രചിച്ചുവത്രേ! വള്ളത്തോൾ 'മഹാകവി ശങ്കുണ്ണിവാരിയർ' എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കാറുള്ളത്.

രണ്ടു പ്രമുഖ കൃതികളാണ് സംസ്കൃതത്തിൽ അദ്ദേഹം രചിച്ചിട്ടുള്ളത് – അഷ്ടാംഗശാരീരവും ബൃഹച്ഛാരീരവും. രണ്ടും ആയുർവേദ വിദ്യാർഥികളെ അനാട്ടമി പഠിപ്പിക്കാൻ എഴുതിയതാണ്. അക്ലിഷ്ടകോമളമാണ് അദ്ദേഹത്തിന്റെ സംസ്കൃതശൈലി. 'ആചാര്യസ്വാമികൾക്ക് ശേഷം മറ്റൊരാളും ഇത്ര ഉയർന്ന നിലവാരത്തിൽ സംസ്കൃത സാഹിത്യത്തിൽ ശാസ്ത്രീയവിഷയങ്ങൾ കൈകാര്യം ചെയ്തിട്ടില്ലെ'ന്ന പ്രൊഫ. ടി. നാരായണൻ നമ്പീശന്റെ വാക്കുകളിൽ

അത്യുക്തിയുണ്ടെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ സംസ്കൃത ഭാഷ ഇത്ര ലളിതവും സുന്ദരവുമായി പ്രയോഗിച്ചവർ ചുരുങ്ങുമെന്ന് നിസ്സംശയം പറയാം.

മലയാളത്തിലെ ആദ്യത്തെ വൈദ്യമാസികയായ 'ധന്വന്തരി' രണ്ടു ദശകത്തില ധികം കാലം മുടങ്ങാതെ പ്രസിദ്ധീകരിച്ചതും അനേകം ആയുർവേദ ലേഖന ങ്ങളും ലഘുകൃതികളും എഴുതിയതുമൊക്കെ അദ്ദേഹം ഏറ്റെടുത്ത ദൗത്യത്തിന്റെ ഭാഗമായിരുന്നു. എന്തെഴുതി എന്നതിനെക്കാൾ ഇന്നത്തെ തലമുറയ്ക്ക് അറിയാൻ താൽപര്യമുണ്ടാകുക എന്തിനെഴുതി എന്നതാണ്.

പ്രാചീന വിജ്ഞാനത്തെ ബാധിച്ച മൗഢ്യത്തിന്റെ മുഖ്യഹേതു വിജ്ഞാനത്തിന്റെ നിഗൂഢവൽക്കരണമായിരുന്നു. ഒരു വ്യക്തി, അല്ലെങ്കിൽ ഒരു കുടുംബം, ഏറിയാൽ ഒരു കുലം - അതിനുമപ്പുറം അറിവിനെ കൈമാറാൻ പഴയ സമൂഹം തയ്യാറായിരുന്നില്ല. വിജ്ഞാനത്തെ വൈയക്തികതലങ്ങളിലേയ്ക്ക് ചുരുക്കുകയും, സമൂഹത്തിൽ നിന്നതിനെ ഒളിപ്പിക്കയും ചെയ്തതാണ് പ്രാചീനജ്ഞാന ശേഖരത്തിന്റെ അപചയത്തിന് കാരണം എന്ന് പി. എസ്. വാരിയർ തിരിച്ചറിഞ്ഞു. അറിവിനെ മൂടിയിരുന്ന സ്വർണപ്പാത്രങ്ങൾ എടുത്തു മാറ്റി എല്ലാവർക്കും അതിനെ അഭിഗമ്യമാക്കുകയാണ് വാരിയർ ചെയ്തത്. വിജ്ഞാനത്തിന്റെ ഈ 'സമൂഹവൽക്കരണം' (Socialisation of knowledge) വലിയൊരു കുതിപ്പായിരുന്നു. പഴയ സമൂഹത്തിന്റെ ജാഡ്യത്തെ അകറ്റിയത് ഈ പ്രവർത്തനമായിരുന്നു. ഇതിന്റെ ആദ്യസ്ഫുരണങ്ങൾ ആര്യവൈദ്യശാലാ വിജ്ഞാപനത്തിലുണ്ട്. തന്റെ ലക്ഷ്യം കൃത്യമായി നിർവചിച്ച് അത് സമസ്തലോകത്തെയും അറിയിക്കുവാനാണ് ആ വിജ്ഞാപനം പുറപ്പെടുവിച്ചത്.

ചികിത്സാസംഗ്രഹത്തിന്റെ പ്രസിദ്ധീകരണമാണ് അദ്ദേഹത്തിന്റെ ഈ ദിശയി ലുള്ള പ്രവർത്തനത്തിന്റെ ഉത്തമോദാഹരണം. മരുന്നുകളുടെ നിർമാണം, ഉപയോഗക്രമം തുടങ്ങി സാധാരണ വൈദ്യന്മാർ രഹസ്യമാക്കി വയ്ക്കാറുള്ള കാര്യങ്ങളെല്ലാം പൊതുജനങ്ങളുടെ അറിവിലേയ്ക്ക് അദ്ദേഹം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. ആയുർവേദ നവോത്ഥാനത്തിന് വാര്യരുടെ മുഖ്യ സംഭാവനയിതാണ് - ഏതാനും കുടുംബങ്ങളുടെ സ്വകാര്യമായിരുന്ന ഈ വിജ്ഞാനത്തെ സമൂഹത്തിന്റെ മുഴുവൻ സമ്പത്താക്കി മാറ്റി. ഇന്ന് ആയുർവേദം ലോക വിജ്ഞാനത്തിന്റെ ഭാഗമായത് പി.എസ്. വാരിയർ നടത്തിയ ശ്രമങ്ങളുടെ ഫലമാണ്.

**വെള്ളമുസലിയാർ**

മലബാർ ലഹളക്കാലത്ത് പി.എസ്. വാരിയരെടുത്ത ധീരമായ നിലപാടിനെപ്പറ്റി ചരിത്രകാരന്മാർ ധാരാളം എഴുതിയിട്ടുണ്ട്. മുസൽമാന്മാരോട് അദ്ദേഹം ക്ഷമാ

പൂർവം പെരുമാറിയതും ലഹളത്തലവൻമാരെ അനുനയിച്ചതും അങ്ങനെ കോട്ട യ്ക്കലിനെ കലാപത്തിൽ നിന്ന് രക്ഷിച്ചതും എല്ലാവർക്കും അറിയാവുന്ന കാര്യ ങ്ങളാണ്. പക്ഷേ, എന്തുകൊണ്ട് പി.എസ്. വാരിയർ അത്തരമൊരു നിലപാടെടുത്തു എന്ന് അധികമാരും ആലോചിച്ചിട്ടില്ലെന്ന് തോന്നുന്നു. എല്ലാവർക്കുമറിയാവുന്നതു പോലെ മലബാറിലുണ്ടായത് തുടക്കത്തിൽ ഒരു കലാപമല്ലായിരുന്നു. തുർക്കി യോടുള്ള ബ്രിട്ടന്റെ വാഗ്ദാന ലംഘനത്തിൽ പ്രതിഷേധിച്ച് മുസ്ലീങ്ങൾക്കിടയിൽ ബ്രിട്ടീഷ് ഗവൺമെന്റിനോട് അമർഷം ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തി ലാണ് ഇൻഡ്യയിൽ ഖിലാഫത്ത് പ്രസ്ഥാനം രൂപം കൊണ്ടത്. ഈ സന്ദർഭം ഉപയോഗിച്ച് 1920-ലെ കോൺഗ്രസിന്റെ നാഗ്പൂർ സമ്മേളനം സ്വരാജ് നേടിയെടു ക്കുന്നതിന് ബ്രിട്ടീഷുകാർക്കെതിരെ നിസ്സഹകരണസമരത്തിന് ആഹ്വാനം ചെയ്തു. കോൺഗ്രസ്സും ഖിലാഫത്തും ഒന്നിച്ചാണ് നിസ്സഹകരണപ്രസ്ഥാനം നയിച്ചത്. കേരളത്തിൽ കെ. മാധവൻനായർ, യു. ഗോപാലമേനോൻ, കെ.പി. കേശവമേനോൻ തുടങ്ങിയ പ്രമുഖ കോൺഗ്രസ് നേതാക്കളാണ് ഇതിന് നേതൃത്വം നൽകിയത്. 1921 ഫെബ്രുവരിയിൽ കോഴിക്കോടും ഏപ്രിലിൽ ഒറ്റപ്പാലത്തും വച്ച് ബ്രിട്ടീഷ് പോലീസ് കോൺഗ്രസ് നേതാക്കളെ അറസ്റ്റു ചെയ്യുകയും യോഗങ്ങൾ അലങ്കോലപ്പെടുത്തുകയും ചെയ്തു. ഇപ്പോഴൊക്കെ ഇത് ബ്രിട്ടീഷുകാർക്ക് എതിരായ രാഷ്ട്രീയ സമരമായിരുന്നു.

ആഗസ്റ്റ് 20-നു അഞ്ഞൂറോളം വെള്ള പട്ടാളക്കാർ തിരൂരങ്ങാടി പള്ളിയിൽ പ്രവേ ശിച്ചു. ഇത് മുസ്ലീങ്ങളെ പ്രകോപിപ്പിച്ചു. ബ്രിട്ടീഷ് പട്ടാളം വെടിവച്ചു. പതിനേഴ് മുസ്ലീങ്ങൾ വെടിവയ്പ്പിൽ അവിടെ മരിച്ചു വീണു. ആഗസ്റ്റ് 29-ന് രാജ്യദ്രോഹകുറ്റം ചുമത്തി അലിമുസലിയാരെയും മറ്റ് പന്ത്രണ്ടുപേരെയും തൂക്കിക്കൊന്നു. നവംബർ 19-ന് തിരൂർ റെയിൽവെ സ്റ്റേഷനിൽനിന്ന് 90 പേരെ വാഗണിൽ അടച്ചു വിട്ടു. പോത്തന്നൂരെത്തിയപ്പോഴേക്കും 64 പേരും മരിച്ചു കഴിഞ്ഞിരുന്നു! ജാലിയൻ വാലാബാഗിനെപ്പോലും ഞെട്ടിപ്പിക്കുന്ന വാഗൺ ട്രാജഡി.

ബ്രിട്ടീഷുകാർ ഏറനാട്ടിലെ ജനങ്ങളോടു ചെയ്ത കൊടുംക്രൂരതയെ വിസ്മ രിക്കുകയാണ് എല്ലാവരും ചെയ്തത്. അതിനു കാരണം ഇതിനിടെ ജനങ്ങളെ തമ്മിലടിപ്പിക്കുന്ന ഹിന്ദു-മുസ്ലീം വർഗീയതയായി ഇതിനെ മാറ്റാൻ ഭരണകൂടത്തിന് കഴിഞ്ഞു എന്നതാണ്. ഇതെപ്പോഴാണ് വർഗീയ ലഹളയായി മാറിയതെന്ന് ഇന്നും ആർക്കുമറിഞ്ഞു കൂടാ. കോൺഗ്രസും ഖിലാഫത്തും ഒന്നിച്ചായിരുന്നല്ലോ. ലഹ ളക്കാരോട് കീഴടങ്ങാൻ കെ.പി. കേശവമേനോൻ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതൃത്വം ആവശ്യപ്പെട്ടു. തിരൂരങ്ങാടിപ്പള്ളി ആക്രമണത്തിന് ശേഷമായിരുന്നു ഇത്. മുസ്ലീങ്ങൾ കീഴ്പ്പെടാൻ വിസമ്മതിച്ചു. അബ്ദുൾറഹിമാൻ സാഹിബിനെ പോലുള്ളവരുടെ അഭ്യർഥനയും വിഫലമായി. അതോടെ ഖിലാഫത്തുകാർ

ഒറ്റപ്പെടുകയും കോൺഗ്രസ് നിസ്സഹകരണത്തിൽ നിന്ന് പിൻമാറുകയും ചെയ്തു. കോൺഗ്രസ് നേതൃത്വത്തിലധികം ഹിന്ദുക്കളായതുകൊണ്ടാണോ ജന്മിത്വത്തിന്റെ ചൂഷണംകൊണ്ടാണോ എന്തുകൊണ്ടാണ് ഖിലാഫത്തുകാർ ഹിന്ദുക്കൾക്കു നേരെ തിരിഞ്ഞതെന്ന് അറിഞ്ഞുകൂടാ. ഒരു കാര്യം വ്യക്തമാണ് ബ്രിട്ടീഷുകാർക്കെതിരെ നിസ്സഹകരണമായി ആരംഭിച്ച ഒരു വലിയ സമരത്തെ അതീവ സാമർഥ്യത്തോടെ വർഗീയ ലഹളയാക്കി മാറ്റാനും മുസ്ലീങ്ങളെ ഒറ്റപ്പെടുത്തി ശാശ്വതമായി ഇന്ത്യാക്കാരെ തമ്മിലടിപ്പിക്കാനും സാമ്രാജ്യത്വ ത്രന്തങ്ങൾക്കു കഴിഞ്ഞു. സവർണ മനസ്സാകെ സാമാജ്യം ഒരുക്കിയ ഈ കെണിയിൽ വീണു. ചുറ്റുമുള്ളവർക്കൊപ്പം ആ ചതിക്കുഴിയിൽ ചാടിയില്ല എന്നതാണ് പി.എസ്. വാരിയരുടെ വലിപ്പം.

മുസ്ലീങ്ങളുടെ ഭാഗത്തു നിന്ന് അന്നത്തെ സംഭവങ്ങളെ ആരും കാണാൻ ശ്രമിച്ചില്ല. അതുകൊണ്ട് വെടിവച്ചു വീഴ്ത്തപ്പെട്ടവരും, തൂക്കിലേറ്റപ്പെട്ടവരും, ശ്വാസം മുട്ടി മരിച്ചവരും ആരിലും കരുണ ഉയർത്തിയില്ല; അവരുടെ വിധവകളുടെയും അനാഥരായ കുഞ്ഞുങ്ങളുടെയും തേങ്ങലുകൾ മനസ്സിനെ അലിയിച്ചില്ല. മുസ്ലീം ജനസാമാന്യം പാപം ചെയ്തതിനെക്കാളധികം അവരോട് പാപം ചെയ്യപ്പെട്ടു എന്ന് വാരിയർ മനസ്സിലാക്കി. ഈ തിരിച്ചറിവാണ് അദ്ദേഹത്തെ മറ്റുള്ളവരിൽനിന്ന് ഭിന്നനാക്കിയത്.

ആശ്വാസനടപടികൾക്കെത്തിയ ഭാരതസേവാസംഘം പ്രസിഡന്റ് വാരിയരുടെ വാക്കുകേട്ട് ഞെട്ടിപ്പോയി- 'ആശ്വാസമെത്തിക്കുന്നത് ഹിന്ദുക്കൾക്ക് മാത്രം പോരാ, മാപ്പിളസ്ത്രീകളെയും കുട്ടികളെയും കൂടി സഹായിക്കണം.' മലബാർ യാത്രയിൽ ആദ്യമായാണ് പുച്ഛമില്ലാതെ മുസൽമാനെപ്പറ്റി സംസാരിക്കുന്ന ഒരു സവർണനെ പ്രസിഡന്റ് കണ്ടുമുട്ടുന്നത്!

1927-ൽ പി.എസ്. വാരിയർക്ക് ഷഷ്ടി പൂർത്തിവേളയിൽ പ്രത്യേകമായി സമർപ്പിച്ച മംഗളപത്രത്തിൽ കോട്ടയ്ക്കലെ മാപ്പിളമാർ പറഞ്ഞു - 'മാപ്പിളമാരായ ഞങ്ങളുടെ മതകാര്യത്തിലും അങ്ങു പ്രത്യേകം അനുകമ്പയുള്ള ഒരു മഹാശയനാണെന്ന് പല വിധത്തിലും പ്രത്യക്ഷമായിട്ടുണ്ടല്ലോ. ഹിന്ദുക്കളും മുഹമ്മദീയരും കൂടി യോജിച്ചു പ്രവർത്തിക്കണമെന്ന് പ്രസംഗിക്കുന്ന പ്രമാണികളെല്ലാം പ്രവൃത്തിയിൽ അവിടുത്തെ അനുകരിക്കുക മാത്രം ചെയ്താൽ ഈ രാജ്യത്ത് ഹിന്ദു-മുസ്ലീം മൈത്രി സ്ഥിരമായിരിക്കുമെന്ന് തീർച്ചയായും പറയാം. അവിടത്തെ ഈ മനോവികാസവും സമസൃഷ്ടി സ്നേഹവും അവിടുത്തെ കുടുംബസ്വത്താണെന്നു കൂടി ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്.'

നിഷ്കളങ്കമായ ഈ ആശംസയാണ് മലബാർ കലാപത്തിന്റെ ഇന്നേക്ക് നമുക്കുള്ള ബാക്കിപത്രം. ഒരു യഥാർഥ ഹിന്ദു ആരെന്ന് വാരിയർ ജീവിച്ചു കാണിച്ചു.

മാപ്പിളമാർ ഉള്ളു തുറന്ന് അദ്ദേഹത്തെ 'വാര്യരച്ചൻ' എന്നു വിളിച്ചു. സ്വജാതിയിലുള്ളവർ 'വെള്ള മുസലിയാർ' എന്നു പരിഹസിച്ചു; പക്ഷേ ഇതദ്ദേഹം ഒരു ബഹുമതിയായേ കണക്കാക്കിയുള്ളൂ.

**ഒസ്യത്ത്**

ആര്യവൈദ്യശാലയുടെ ശ്രേയസ്സിനടിത്തറ 1939-ൽ രജിസ്റ്റർ ചെയ്ത പി.എസ്. വാരിയരുടെ ഒസ്യത്താണ്. മാനവരാശിക്കുള്ള മഹത്തായ ഒസ്യത്ത് എന്നിതിനെ വിശേഷിപ്പിക്കാറുണ്ട്.

ആര്യവൈദ്യശാല പി.എസ്. വാരിയരുടെ സ്വകാര്യസ്വത്താണ്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ -

'ഇതിൽ യാതൊരാളുടെയും പങ്കില്ല, ഉപദേശമില്ല ഇതു ഫലപ്രദമാകുമെന്ന് എന്റെ നാട്ടുകാർക്കെന്നല്ല, ഭൂരിപക്ഷം വീട്ടുകാർക്കുകൂടി അന്ന് അഭിപ്രായം ഉണ്ടായിരുന്നില്ല. ആര്യവൈദ്യശാല ഒരാളാൽ മാത്രം സ്ഥാപിക്കപ്പെട്ടു സ്വതന്ത്രമായി നടത്തിവരുന്നതിനാൽ തത്പ്രവർത്തകന്റെ അഭാവത്തിൽ ഇതിന് എന്ത് വരാൻ പോകുന്നുവോ എന്ന് പലർക്കും പരിഭ്രമമുള്ളതായി അറിയുന്നു. എന്നാൽ ഈ പരിഭ്രമം എനിക്കില്ല.'

അദ്ദേഹത്തിന് പരിഭ്രമം ഇല്ലാതിരുന്നത് വ്യക്തമായ പദ്ധതികൾ മനസ്സിലുണ്ടായിരുന്നതുകൊണ്ടാണ്. അതാണ് ഒസ്യത്തിലൂടെ അദ്ദേഹം സാക്ഷാത്ക്കരിച്ചത്.

ഒസ്യത്ത് അനുസരിച്ച് ആര്യവൈദ്യശാലയും അനുബന്ധസ്ഥാപനങ്ങളും ഒരു ട്രസ്റ്റിന്റെ കീഴിലാണ്. വരുമാനം എങ്ങനെ ഉപയോഗിക്കണമെന്ന് ട്രസ്റ്റിന് വ്യക്തമായ മാർഗനിർദ്ദേശമുണ്ട് - 25% ആര്യവൈദ്യശാല അഭിവൃദ്ധിപ്പെടുത്താൻ, 25% ചാരിറ്റബിൾ ഹോസ്പിറ്റലിന്, 10% പാഠശാലയ്ക്ക് ബാക്കി 40% ആര്യവൈദ്യശാലക്കും ധർമാശുപ്രതിക്കും ട്രസ്റ്റിമാരുടെ യുക്തംപോലെ. നാട്യസംഘത്തിന്റെ ചിലവുകൾക്കും ജീവനക്കാരുടെ പെൻഷനും പ്രത്യേക വ്യവസ്ഥകളുണ്ട്. ഈ ഒസ്യത്തനുസരിച്ച് ആര്യ വൈദ്യശാലയെ അദ്ദേഹം സമൂഹത്തിന് സമർപ്പിച്ചു. അതോടെ വ്യക്തിയുടെയോ കുടുംബത്തിന്റെയോ അല്ല, സമൂഹത്തിന്റെ മൊത്തം ഭാഗമായി ആര്യവൈദ്യശാല മാറി.

1941-ൽ കുടുംബാംഗങ്ങൾ മുഴുവൻ ചേർന്ന് ഒരു തറവാട്ടു കരാറെഴുതി. തറവാടിനെ സംബന്ധിച്ച എല്ലാ ബാധ്യതകളിൽ നിന്നും അദ്ദേഹം ഒഴിഞ്ഞിരുന്നു.

തങ്ങളുടെ സ്വത്തിന്റെ ഒരു ഭാഗം ഒസ്യത്തിലൂടെ സമൂഹത്തിന് നീക്കിവച്ച് മഹാത്മാക്കൾ ധാരാളമുണ്ട്. ആൽഫ്രഡ് നോബലിന്റെ 1895 ലെ ഒസ്യത്ത് പ്രകാര മാണ് അഞ്ച് വിഷയങ്ങളിൽ നോബൽ സമ്മാനം നൽകുന്നത്. തന്റെ സമ്പാദ്യം ബന്ധുക്കൾക്കും വേലക്കാരനും തോട്ടക്കാരനുമുൾപ്പെടെ പതിന്നാല് പേർക്ക് നൽകിയതിന്റെ ശേഷിച്ചതുകയാണ് പൊതുകാര്യത്തിന് അദ്ദേഹം ഒസ്യത്തിൽ മാറ്റിവെച്ചത്. എന്നാൽ സമ്പാദ്യമാകെ ദാനം ചെയ്തവർ വളരെ കുറവാണ്.

ആ നൂറ്റാണ്ടിന്റെതന്നെ അന്ത്യത്തിലുണ്ടായ മറ്റൊരു ഒസ്യത്തുമായി ഇതിനെ ഒത്തുനോക്കുന്നത് പ്രയോജനകരമാണ്. എൺപത്തിയഞ്ച് വർഷം സാമൂഹ്യ വ്യവസ്ഥയുടെ വേരറുക്കാൻ വേണ്ടിയുള്ള വിപ്ലവപ്രസ്ഥാനം നടത്താൻ ശ്രമിച്ച ഇ.എം.എസ്. തന്റെ സ്വത്തിനെ സംബന്ധിച്ച 1994 –ൽ രജിസ്റ്റർ ചെയ്ത ഒസ്യത്തിൽ പറയുന്നത് ഇതാണ്. 'ഈ പ്രവർത്തനത്തിന്റെ ഫലമായി എന്റെയും എന്റെ കുടുംബത്തിന്റെയും ജീവിതത്തിൽ ഒരു സുപ്രധാന മാറ്റം വന്നിട്ടുണ്ട്. എട്ടു പതിറ്റാണ്ടു മുമ്പ് എന്റെ കുടുംബത്തിലുണ്ടായിരുന്നതും 1935 –ൽ എന്റെ പങ്കായി കിട്ടിയതുമായ സ്വത്തു മുഴുവൻ പാർട്ടിക്കു കൊടുത്ത് പാർട്ടിയിൽ നിന്ന് കിട്ടുന്ന വേതനം കൊണ്ടു ജീവിക്കുക എന്ന സ്ഥിതിയിലാണ് കഴിഞ്ഞ അഞ്ചു പതിറ്റാണ്ടിലേറെയായി ഞങ്ങൾ ജീവിച്ചു പോന്നത്......

ഇന്ന് വ്യക്തിപരമായി എനിക്കുള്ള സ്വത്ത് ഞാനെഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ റോയൽറ്റി മാത്രമാണ്. എന്റെ മരണാന്തരം അവയുടെ പകർപ്പവകാശം പൂർണമായും എ.കെ. ഗോപാലൻ മെമ്മോറിയൽ ട്രസ്റ്റിനായിരിക്കേണ്ടതാണെന്ന് ഞാൻ നിശ്ചയിക്കുന്നു'.

ഇ.എം.എസിന് പി.എസ്. വാരിയരെ വലിയ ബഹുമാനമായിരുന്നു; ആര്യവൈ ദ്യശാലയുടെ സുഹൃത്തുമായിരുന്നു അദ്ദേഹം. വലിയ മനസ്സുകൾ ചരിക്കുന്നത് നമ്മുടെ വഴികളിലല്ലെന്ന് മഹാമതികളുടെ ഒസ്യത്തുകൾ ഓർമിപ്പിക്കുന്നു.

**ചിദാകാശം, ഹൃദാകാശം**

പി.എസ്. വാരിയരുടെ ഈശ്വരഭക്തിക്കുമുണ്ട് സവിശേഷത. വിശ്വംഭരനാണ് അദ്ദേഹത്തിന്റെ ഉപാസനാമൂർത്തി. വിശ്വംഭരോദ്ധരണമായിരിക്കണം വാരിയരെ – ഏറെ ആകർഷിച്ചത്. 'വിഷ്ണുർജയതി' എന്ന് അടിയുറച്ച് വിശ്വസിച്ചിരുന്നു അദ്ദേഹം. തിരുവനന്തപുരത്ത് ശ്രീപത്മനാഭനായും തൃപ്പൂണിത്തുറയിൽ പൂർണത്രയീശനായും വിളങ്ങുന്ന ശക്തിതന്നെയാണ് കോട്ടയ്ക്കലിൽ വിശ്വംഭരനായി വാഴ്ത്തപ്പെടുന്നത്. വിശ്വത്തിന്റെ ഉദയസ്ഥിതിലയങ്ങൾക്ക് കാരണനായ വിശ്വംഭരനെയാണ് അദ്ദേഹം മനസ്സിൽ പ്രതിഷ്ഠിച്ചത്.

സ്വാഭാവികമായും നാം പ്രതീക്ഷിക്കുക തന്റെ വാസസ്ഥലത്തിന് അദ്ദേഹം വൈകുണ്ഠമെന്നോ പാലാഴിയെന്നോ ദ്വാരകയെന്നെങ്കിലുമോ പേരിടുമെന്നാണ്. പക്ഷേ, അദ്ദേഹം നൽകിയ പേര് കൈലാസമന്ദിരമെന്നാണ്. ഇതിലൊരു വൈരുദ്ധ്യമുണ്ട്.

ശിവനും ശക്തിയും നാരായണനും ഒന്നുതന്നെയെന്ന അദ്വൈതാമലഭാവമാണിതിനു പിന്നിൽ എന്നു വാദിക്കാം. 'ശങ്കരഃ പ്രാവിശത്സുഖം' എന്നാണ് ഗൃഹപ്രവേശശ്ലോകത്തിലുള്ളത്. അതുകൊണ്ട് ശങ്കരന്റെ ആലയമെന്നാണ് കൈലാസത്തിനർഥമെന്നും പറയാം. ശ്ലേഷത്തിൽ സ്വന്തം പേരു ചേർക്കുന്ന കുസൃതി നാടകകമ്പനിയുടെ പേരിലുമുണ്ടല്ലോ. എന്നാൽ ഇതിനുമൊക്കെ അപ്പുറമൊരു തലം ഈ ദ്വന്ദത്തിനില്ലേ?

വിഷ്ണു വ്യാപനശീലനാണ്- സർവത്ര വർത്തിക്കുന്നവൻ; ത്രിലോകങ്ങളിലും നിറഞ്ഞു നിൽക്കുന്നു. ശിവൻ സ്ഥാവരനാണ് - കൈലാസത്തിൽ; തനിച്ചല്ല പത്നിയും മക്കളുമുണ്ട് കൂടെ. ശിവനാണെങ്കിലോ അർദ്ധനാരീശ്വരനും; തപസ്സുകൊണ്ട് പരസ്പരം നേടിയ ദാമ്പത്യം. വിയത്തിന്റെ അപരിമേയതിയിൽ മുദ്രണം ചെയ്ത പരിച്ഛിന്നമായ വാസസ്ഥാനം - ചിദാകാശത്തിൽ ഹൃദാകാശം പോലെ. വ്യഷ്ടിയും സമഷ്ടിയും തമ്മിലുള്ള, ലോകവും തറവാടും തമ്മിലുള്ള, പാരസ്പര്യത്തിന്റെ സമഞ്ജസമായ സമ്മേളനത്തിന്റെ പ്രതീകമായിക്കൂടായ്കയില്ല വിശ്വംഭരസങ്കല്പവും കൈലാസമന്ദിരവും. കൈലാസമന്ദിരത്തിനുശേഷമാണ്, വിശ്വംഭരക്ഷേത്രം നിർമിച്ചതെന്നോർക്കുമ്പോൾ സ്വത്വത്തിൽനിന്ന് വാനിലേക്കുയരുന്നുവെന്ന ഈ കല്പനയ്ക്ക് ചാരുതയേറുന്നു.

**ദർശനം**

മരവുരി ധരിച്ച സന്യാസവേഷത്തിലുള്ള ആരേയുമമ്പരപ്പിക്കുന്ന ഒരു ചിത്രമുണ്ട്, പി.എസ്. വാരിയരുടെ. ഇത്രയും ലൗകികതയിൽ മുഴുകിയ ഒരാൾക്ക് സന്ന്യസിക്കാൻ കഴിയുമെന്ന് വിശ്വസിക്കാനാവില്ല. പരിപക്വശുദ്ധിയാർന്ന് ആ ഭാവത്തിലേക്കുയരാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കാമനകൾ ത്യജിച്ച് തന്നിൽ തന്നെ തുഷ്ടനായ സ്ഥിരപ്രജ്ഞത അദ്ദേഹം നേടി. എന്നാൽ കർമം ത്യജിച്ചല്ല, കർമം തുടർന്നാണ് തന്റെ ദൗത്യവും പൂർത്തിയാക്കേണ്ടത് എന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ത്യാഗമെന്നത് ഒരു ഭാവമാണ്. മനസ്സിന്റെ ഉദാത്തമായ ഈ അവസ്ഥയാണ് കൈലാസ മന്ദിരത്തിനുമുമ്പിൽ 'ധർമോ ജയതി' എന്നെഴുതി ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മതചിഹ്നങ്ങൾ അതിൽ കൊത്തി വയ്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

വിശ്വംഭരനെ പൂജിക്കാൻ പുതിയൊരു ക്ഷേത്രസംസ്കാരം അദ്ദേഹം സൃഷ്ടിച്ചു. ആർക്കും പ്രവേശനം നിഷേധിക്കാത്ത, -ഏതു വേഷത്തിലും രൂപത്തിലും ഈശ്വരനെ ഭജിക്കാവുന്ന ഒരു സംസ്കാരം: രാജാക്കന്മാർ തങ്ങളുടെ ക്ഷേത്രങ്ങൾ ഹിന്ദുക്കളിൽത്തന്നെ എല്ലാവർക്കും തുറന്നു കൊടുക്കാൻ തയ്യാറാകാതിരുന്ന കാലത്താണിത്. ഇതിന്റെ പ്രാധാന്യം ഇന്ന് നാം കൂടുതൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

വൈക്കത്തും ഗുരുവായൂരും നടന്ന ക്ഷേത്രപ്രവേശന സത്യഗ്രഹങ്ങൾ ഭക്തി പ്രകടനങ്ങളല്ലായിരുന്നു. മറിച്ച് നവോത്ഥാന പ്രവർത്തനങ്ങളായിരുന്നു. ദൈവത്തിന്റെ മുമ്പിൽ നിന്നായാൽപ്പോലും മനുഷ്യനെ മാറ്റി നിർത്തുന്നതിലെ അനീതിയാണവിടെ ചോദ്യം ചെയ്യപ്പെട്ടത്. സനാതന മർദ്ദനമേറ്റ ധർമ ഭടന്മാർ ലക്ഷ്യമിട്ടത് സമദർശനമായിരുന്നു.

കേരളത്തിന്റെ നവോത്ഥാനചരിത്രം പുനർവായനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അരുവിപ്പുറം ഒരു സമാന്തരസംസ്കാരസൃഷ്ടിയുടെ തുടക്കമായിരുന്നു. നമ്മെയണിയിക്കാൻ പൂണൂൽ നൂൽക്കുകയായിരുന്നില്ല ഗുരുദേവൻ. വൈയ്ക്കവും ഗുരുവായൂരുമായിരുന്നില്ല, കോട്ടയ്ക്കൽ ആയിരുന്നു അരുവിപ്പുറത്തിന്റെ തുടർച്ചയെന്ന് നഷ്ടബോധത്തോടെ നാമിന്ന് മനസ്സിലാക്കുന്നു. വൈകിവന്ന ഈ ബോധോദയം നമ്മെ രക്ഷിക്കാനിടയില്ല, അരുവിപ്പുറത്തിന്റെ അക്ഷാംശത്തിൽ നേർരേഖയിൽ ശുക്രനക്ഷത്രം പോലെ വിശ്വംഭരൻ ഇന്നും വിളങ്ങുന്നു എന്ന് ആശ്വസിക്കുക മാത്രം ചെയ്യാം.

നമ്മുടെ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ 'കോട്ടയ്ക്കൽ സംസ്കാരം' കാര്യമായൊരു പങ്കു വഹിച്ചിട്ടുണ്ട്. സമന്വയം, സഹിഷ്ണുത, സമഭാവന – ഇവയാണിതിന്റെ മുഖമുദ്രകൾ. പി.എസ്. വാരിയരാണ് അതിന്റെ പ്രായോജകൻ; ആര്യവൈദ്യശാല പ്രതീകവും.

---

ഡോ. കെ. ജി. പൗലോസ്, ചീഫ് എഡിറ്റർ (പബ്ലിക്കേഷൻസ്) ആര്യവൈദ്യശാല, കോട്ടയ്ക്കൽ.